പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2865 **29-10-2026-ൽ മറുപടിയ്ക്ക്**

വഴിക്കടവിൽ നിന്നും എടക്കര വരെയുള്ള റോഡിന്റെ പുനരുദ്ധാരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ആര്യാടൻ ഷൗക്കത്ത് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ റോഡിന്റെ ഭാഗമായ വഴിക്കടവിൽ നിന്നും എടക്കര വരെയുള്ള റോഡ് വർഷങ്ങളായി ശോച്യാവസ്ഥയിലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണത്തിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

മറുപടി: വഴിക്കടവ് ടൗണിന്റെ ഭാഗമായ കി.മീ 91/700 മുതൽ 92/150 വരെ നവീകരിക്കുന്ന പദ്ധതി 2026-27 വർഷത്തെ ബഡ്ജറ്റിൽ 20% തുക ക്രമനമ്പർ 2887 (Vol 2 , Part 2) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്ക് 23/10/2026-ലെ GO (Rt) No. 1230/2026/PWD പ്രകാരം 1 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

കൂടാതെ എടക്കര മുതൽ വഴിക്കടവ് വരെയുള്ള ബാക്കി ഭാഗങ്ങൾ നവീകരണത്തിനായി PWD/RB/EST/17476/2026 നമ്പർ പ്രകാരം 15 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ റോഡിന്റെ പൊങ്ങല്ലൂർ മുതൽ വഴിക്കടവ് (km 44/000 മുതൽ 92/150) വരെയുള്ള ഭാഗത്തിന്റെ പേവ്മെന്റ്/ഓവർലേ/ഡിസൈൻ നടത്തുന്നതിനാവശ്യമായ ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ വിവരങ്ങൾ മഞ്ചേരി നിരത്തു വിഭാഗത്തിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പേവ്മെന്റ് ഡിസൈൻ ചെയ്യുന്നതുമാണ്.

സെക്ഷൻ ഓഫീസർ